RCS/10118/2024-V(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ, തൈക്കാട് പി.ഒ.,
തിരുവനന്തപുരം 14
ഫോൺ നം. 0471 2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 01.08.2025.

# സർക്കുലർ നമ്പർ 24/2025

വിഷയം:- സഹകരണ വകുപ്പ് - വിജിലൻസ് - സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിൽമേലുള്ള അന്വേഷണം - സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 28/2024 നമ്പർ സർക്കുലർ നിർദ്ദേശം

സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിൽമേലുള്ള സഹകരണ വിജിലൻസിന്റെ അന്വേഷണങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയും പ്രകാരം വ്യക്തത വരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പരാതികളിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് ലഭിക്കുന്ന ധനാപഹരണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച പരാതികളിൽമേൽ പരാമർശ സർക്കുലറിലെ അനുബന്ധം (ഡി) യിലെ മാതൃകയിലെ First Information Report ജില്ലാ തലത്തിൽ തയ്യാറാക്കേണ്ടതും ടി പ്രഥമ വിവര റിപ്പോർട്ടിൽ ധനപരമായ ക്രമക്കേടുകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്ന പക്ഷം ടി പരാതിയിൽമേൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 65/66 എന്നിവ പ്രകാരമുള്ള അന്വേഷണം/പരിശോധനയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
2. മേൽ ഖണ്ഡിക പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 65/66 അന്വേഷണം/പരിശോധന വഴി ക്രമക്കേട് കണ്ടെത്തുന്ന പക്ഷം ധനാപഹരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കേരള സഹകരണ സംഘം നിയമം വകുപ്പ് 68(1), 68(2) ഉം പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ക്രിമിനൽ സ്വഭാവമുള്ള ക്രമക്കേടുകൾ വകുപ്പ് 65/66 എന്നീവ പ്രകാരമുള്ള അന്വേഷണ/ പരിശോധനയിൽ കണ്ടെത്തുന്ന പക്ഷം ടി പരാതികളിൽ മേൽ തുടർ അന്വേഷണം നടത്തുന്നതിനായി കേരള സഹകരണ സംഘം നിയമം വകുപ്പ് 68എ പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് ആഫീസർക്ക് കൈമാറുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

4. വകുപ്പ് 68(1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ അന്വേഷണ ഉദ്യോഗസ്ഥൻ നേരിൽ കേൾക്കേണ്ടതും ആയതിന് ശേഷം വകുപ്പ് 68(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
5. സഹകരണ സംഘം രജിസ്ട്രാർക്ക് നേരിട്ട് ലഭിക്കുന്ന ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളുടെ ധനാപഹരണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച പരാതികളിൽമേൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ പരാമർശ സർക്കുലറിലെ അനുബന്ധം (ഡി) യിലെ മാതൃകയിലെ First Information Report തയ്യാറാക്കുകയും ധനപരമായ ക്രമക്കേടുകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്ന പക്ഷം ടി പരാതിയിൽമേൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 65/66 എന്നിവ പ്രകാരമുള്ള അന്വേഷണം/പരിശോധനയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ടി വിവരം സഹകരണ സംഘം രജിസ്ട്രാർക്ക്, ഉത്തരവ് പുറപ്പെടുവിച്ച് 15 ദിവസത്തിനകം ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
6. ആയതിന് ശേഷം മേൽ ഖണ്ഡിക (2), (3),(4) എന്നിവ പ്രകാരമുള്ള നിയമപരമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.
7. ഒന്നിലധികം ജില്ലകളോ, സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള സഹകരണ സ്ഥാപനങ്ങളുമായി ധനാപഹരണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിൽമേൽ പരാമർശ സർക്കുലറിലെ അനുബന്ധം (ഡി) യിലെ മാതൃകയിലെ First Information Report തയ്യാറാക്കുകയും ധനപരമായ ക്രമക്കേടുകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്ന പക്ഷം ടി പരാതിയിൽമേൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 65/66 എന്നിവ പ്രകാരമുള്ള അന്വേഷണം/പരിശോധനയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
8. മേൽ ഖണ്ഡിക പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് കണ്ടെത്തുന്ന പക്ഷം കേരള സഹകരണ സംഘം നിയമം വകുപ്പ് 68(1) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. ക്രിമിനൽ സ്വഭാവമുള്ള ക്രമക്കേടുകൾ വകുപ്പ് 65/66 എന്നീവ പ്രകാരമുള്ള അന്വേഷണ/ പരിശോധനയിൽ കണ്ടെത്തുന്ന പക്ഷം ടി പരാതികളിൽ മേൽ തുടർ അന്വേഷണം നടത്തുന്നതിനായി കേരള സഹകരണ സംഘം നിയമം വകുപ്പ് 68എ പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് ആഫീസർക്ക് നൽകേണ്ടതും ബന്ധപ്പെട്ടവരെ വിചാരണ ചെയ്യുന്നതിനായി പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുമാണ്.

10. വകുപ്പ് 68(1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ അന്വേഷണ ഉദ്യോഗസ്ഥൻ നേരിൽ കേൾക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 68(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

11. ജില്ലാ തലത്തിൽ ലഭിക്കുന്ന പരാതികളിൽമേൽ First Information Report ലും സഹകരണ സംഘം രജസ്ട്രാർക്ക് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും തയ്യാറാക്കുന്ന First Information Report ൽ ക്രിമിനൽ സ്വാഭാവമുള്ള ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ടി പരാതിയിൽമേൽ ഭാരതീയ ന്യായ സംഹിത (BNS)പ്രകാരമോ മറ്റ് ക്രിമിനൽ നിയമപ്രകാരമോ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളാണെന്ന് കാണുന്ന പക്ഷം സഹകരണ സംഘം രജിസ്ട്രാർ ടി പരാതികളിൽ മേൽ തുടർ അന്വേഷണം നടത്തുന്നതിന് കേരള സഹകരണ സംഘം നിയമം വകുപ്പ് 68എ പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് ആഫീസർ/സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിക്കേണ്ടതും കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന പക്ഷം വിചാരണ ചെയ്യുന്നതിനായി പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ ഉൾപ്പെടെ പരാമർശം സർക്കുലർ നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**ഡോ.സജിത് ബാബു ഐ.എ.എസ്**

**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്:- 1. സഹകരണ ആഡിറ്റ് ഡയറക്ടർ

2. എല്ലാ സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ/ആഡിറ്റ് ജോയിന്റ് ഡയറക്ടർ
3. സഹകരണ വിജിലൻസ് ആഫീസർ, ജവഹർ സഹകരണ ഭവൻ, തിരുവനന്തപുരം
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ
5. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
6. ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും
7. സർക്കുലർ ബുക്ക്
8. സഹകരണ വീഥി
9. സ്റ്റോക്ക് ഫയൽ

**//ആജ്ഞാനുസരണം//**

**ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)**